LIBRARY ARCHIVES Kerala Legislative Assembly

കാലവർഷക്കെടുതിമൂലം കർഷകർക്കുണ്ടായ നാശനഷ്ടം

98 [1230] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, നൻമണ്ട, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ഉണ്ടായ കൃഷിനാശം സംബന്ധിച്ച് വകുപ്പുതല റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര തുകയുടെ നഷ്ടം വീതമാണ് ഉണ്ടായതെന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) കൃഷിനാശം സംബന്ധിച്ച് ഓരോ പഞ്ചായത്തിലേയും കണക്കാക്കപ്പെട്ട നഷ്ടം സംബന്ധിച്ച് റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വനമേഖലയിലെ കാട്ടുതീ

99 [1231] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വനമേഖലയിലെ ഏതെല്ലാം പ്രദേശങ്ങളിൽ വൻ കാട്ടുതീ ഉണ്ടായിട്ടുണ്ടെന്ന് വിവരം വിശദമാക്കാമോ;

(ബി) കാട്ടുതീമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ, പാലക്കാട്, തൃശ്ശൂർ സർക്കിളിന്റെ പരിധിയിൽ വരുന്ന ബേഗൂർ, മാനന്തവാടി, പേരിയ, താമരശ്ശേരി, കുറ്റ്യാടി, പെരുവണ്ണാമൂഴി, പാലക്കാട്, മണ്ണാർക്കാട്, നിലമ്പൂർ, കൊല്ലം സർക്കിളിന്റെ കീഴിൽ റാന്നി, ഡിവിഷനിൽ വരുന്ന ബീമരം, പാമ്പിനി, വന്യജീവി വിഭാഗത്തിന്റെ കീഴിലുള്ള വയനാട്, പറമ്പിക്കുളം, സൈലന്റ് വാലി, പീച്ചി, പെരിയാർ വെസ്റ്റ്, ഇടുക്കി, തട്ടേക്കാട്, മൂന്നാർ, ചിന്നാർ, ശെന്തുരിണി എന്നീ പ്രദേശങ്ങളിലാണ് കാട്ടുതീ ഉണ്ടായിട്ടുള്ളത്.

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 3 വേനൽ കാലങ്ങളിൽ 2002-ലെ 580 സംഭവങ്ങളിൽ 6200.013 ഹെക്ടറിലെ തീമൂലം 3,31,100 രൂപ നഷ്ടവും, 2003 വർഷത്തിൽ 258 സംഭവങ്ങളിൽ 3624.612 ഹെക്ടറിലെ തീമൂലം 63,047 രൂപയുടെ നഷ്ടവും, 2004 വർഷത്തിൽ 1019 സംഭവങ്ങളിൽ 10301 ഹെക്ടറിലെ തീമൂലം 4,06,400 രൂപയുടെ നഷ്ടവും സംഭവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കാട്ടുതീ സംഭവങ്ങളിൽ അടിക്കാടുകളും പുല്ലുകളുമാണ് കത്തിനശിച്ചതെങ്കിലും തുടർന്നു വന്ന മഴയിൽ അടിക്കാടുകളും പുല്ലുകളും കിളിർത്തതുമൂലം വൻ നാശനഷ്ടം ഉണ്ടായതായി പറയാൻ കഴിയില്ല.

വനവൽക്കരണത്തിന് കേന്ദ്ര വനം വികസന ഏജൻസി നൽകിയ ധനസഹായം

100 [1233] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപങ്കാളിത്തത്തോടെയുള്ള വനസംരക്ഷണ പദ്ധതിക്കായി കേന്ദ്ര വനം വികസന ഏജൻസി, കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്;

(ബി) ഓരോ വനഡിവിഷനും എത്ര തുക വീതമാണ് അനുവദിച്ചത്;

(സി) ഓരോ വനഡിവിഷനും ഇതിൽ എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്നും ഏതേത് പ്രവർത്തനങ്ങൾക്കാണ് എന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ ഡിവിഷനും അനുവദിച്ച തുക സംബന്ധിച്ച വിവരം എന്നാണ് ബന്ധപ്പെട്ട ഡിവിഷനുകളെ അറിയച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) വനസംരക്ഷണ സമിതികളുടെ പ്രവർത്തനവും വനസംരക്ഷണ നടപടികളും ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനപങ്കാളിത്തത്തോടെയുള്ള വനസംരക്ഷണ പദ്ധതിക്കായി കേന്ദ്ര വനം വികസന ഏജൻസി വഴി 2003-2004-ൽ 664.39 ലക്ഷം രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്.

(ബി) ഉത്തരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.†

(സി) ഉത്തരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.†

(ഡി) ഉത്തരം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.†

(ഇ) കൂടുതൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക, സംസ്ഥാന ബഡ്ജറ്റ് പങ്കാളിത്ത വനവൽക്കരണത്തിന് ലഭ്യമാക്കുക, വനവികാസ ഏജൻസികളെ ശക്തിപ്പെടുത്തി വനപരിപാലനം, ജലസംരക്ഷണം, ഇക്കോടൂറിസം, വനഗ്രാമവികസന പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടപ്പാക്കുക തുടങ്ങിയവയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly